അനുബന്ധം മൂന്ന്:

# വള്ളോക്കവി

അരുമയിൽ ചാള ചമച്ചതും പണ്ട്
ആശാരിവന്നങ്ങളന്നും മുറിച്ചും
ഒരുമിച്ചു തൂണിവ നാലുമേ നിർത്തി
ഒമ്പതു ചാണുള്ള ചൂഴിക വെച്ചേൻ
വാരിയും കെട്ടി വളർകോലും വീക്കി
വാരിപ്പുറമേ പുതച്ചമ്പിൽകോവിൽ
ഇരുപത്തൊരായിരത്തറുനൂർ ചിറമക്കളുണ്ടേൻ
ഇച്ചാള പുക്കും പുറപ്പെട്ടു നില്പാൻ
കോരി നിറച്ചു നിറവൊന്നുമില്ലേ
കൊണ്ടച്ചൊരിഞ്ഞാൽ ചൊരിഞ്ഞിട്ടുകൂടാ
ഓങ്കാരനാഥൻ ഉഴുതൊരുഴവിൽ
ഒളിവിൽ വിതച്ചു മുളച്ചൊരു വിത്ത്
അറിയാതെ കാലത്തങ്ങാനന്തകോവിൽ
അരിമപണിക്കു വിളിക്കുന്നോരെന്നെ
ഓങ്കാരവള്ളോനെഴുത്തു പഠിപ്പാൻ
മൂലക്കിഴങ്ങിന്നു മൂന്നല്ലോ വള്ളി
മൂലത്തിലൊക്കെ പടർന്നുള്ള വള്ളി
ജ്ഞാനക്കിഴങ്ങിന്നു നാലല്ലോ വള്ളി
ജ്ഞാനത്തിലൊക്കെ പടർന്നുള്ള വള്ളി
മുപ്പത്തു മൂന്നു മരം നട്ട കാലം
മൂന്നു മരമതിൽ താനെ മുളച്ചു
ആ മരം പൂത്തൊരു പൂവുണ്ടു കയ്യിൽ
പൂവോട്ടു ഞാറോട്ടു ചൂടാമ്പൊനിന്നേൻ
അക്കരെ നിന്നു വിളിപ്പൊനീ വള്ളോൻ
അക്കരെപ്പോവാൻ തുണയില്ലെനിക്കു
മക്കളുണ്ടെവരെ കൂടെക്കടപ്പാൻ
വന്തെന്നെയാറും കടത്തുവോനില്ലേ
പുക്കും പുറപ്പെട്ടും നിൽക്കുന്ന നേരം
പുതുവെള്ളം വന്നു പുഴയും നിറഞ്ഞു
ദുഃഖം പെരുതായീ ഉറപ്പില്ലെനിക്കെ

ദുഃഖം കെട്ടത്തെന്നെ കൊണ്ടുപോനിന്തേൻ
ആറും കടന്നിട്ടങ്ങപ്പുറം ചെന്നാൽ
ആനന്ദവള്ളോൻ പുരെക്കലും ചെല്ലാം
ഞാറുണ്ടു നിൽക്കുന്നു ഞാറെപ്പറിപ്പാൻ
ഞാനിപ്പുലവരേ കാണുന്നതില്ലേ
കുറുള്ളവരുണ്ടൊരമ്പത്തൊരിവർ
കർവ്വപ്പുലവരുണ്ടെവരതിലും
പാറ കൊണ്ടെന്നെ എറിയല്ലേ കോളേ
പണ്ടെൻ പുരയ്ക്കൽ ഞാൻ പോകുന്നനിന്തേൻ
ഈവള്ളോൻ കൊണ്ടെന്റെ വല്ലി പുകൾവാൻ
പത്തുവയസ്സിൽത്താൻ കല്ലന്വൽ പൂണ്ടേൻ
പരിശുള്ള തണ്ടയുമിട്ടു നടന്നു
പത്തു വിരൽക്കു ഞാൻ മോതിരം പൂണ്ടേൻ
പാടത്തു ചേരിയിൽ കന്നും തെളിച്ചേൻ
മുക്തിയും വന്നു വഴികാട്ടുവാനായ്
മൂലപുരക്കൽ ഞാൻ പോകുന്നനിന്തേൻ
ഈരേഴലോകം പടൈത്തോനാവള്ളോൻ
അക്കുടിൽ താനെ ഇനിക്കു കിടപ്പാൻ
ചോരുന്നതിപ്പുര നേരെ മുകളിൽ
ചോർച്ചയടപ്പാനെനിക്കാരുമില്ലെൻ
വാരാഞ്ഞതൻ മക്കളൈവരുമിപ്പോൾ
വന്നിപ്പുരയൊന്നു കുത്തിത്തരുവാൻ
നേരായിട്ടെങ്ങും കിടക്കരുതയ്യോ
നിന്നോടു എന്നെയും കൊണ്ടുപോനിന്തേൻ
ഉള്ളു കുത്തീട്ടൊരീ ഞാറെപ്പറിപ്പാൻ
ഊക്കണ്ട ഞാറും നനഞ്ഞു ഞാൻ നട്ടു
കള്ളപ്പുലവരെ കാവലും വെച്ചു
കാപ്പാളരുണ്ട് കളംപൂവോരുണ്ട്
കൊള്ളിയും മിന്നി ഞാൻ തണ്ണിക്കു പോമ്പോൾ
തോഴിമാർ തച്ചിട്ടും കൊട്ടീട്ടും കൊല്ലും
ഉള്ളതു നീയേ പറയിതും കോളേ
പണ്ടെൻ പുരയ്ക്കൽ ഞാൻ പോകാതിരിന്തേൻ
ഊരിലെക്കന്നും തെളിച്ചുമുറച്ചെൻ
ഊരഴിയഞ്ചും ഉറപ്പിച്ചു പോന്നേൻ
മൂരികളഞ്ചു കുത്തുവാൻ നിൽക്കുന്നു

മുക്കറയിട്ടവർ കുത്തുവോരെന്നെയും
കാര്യവുമുള്ളവർ വാഴവോർ നമ്മെയും
കാട്ടിൽപോയോടിക്കളിക്കും ചില നാൾ
നേരിയ പള്ളി പടിപെറ്റുകൊൾവാൻ
നേരത്തെ കൊണ്ടോയ് മുളക്കാൻ പൊനിന്തേൻ
എട്ടു തൊഴത്തിലെ കന്നും തെളിച്ചേൻ
എണ്ണാമ്പുരക്കൽ തൊഴത്തില്ലും ചെന്നേൻ
കെട്ടു കഴിക്കും കണക്ക പുലവർതാൻ
കാണാഞ്ഞു തേടി നടന്നാരതെങ്ങും
വെട്ടാവെളിച്ചത്തു നിൽക്കുന്നവറ്റെ
വേറെ തെളിച്ചങ്ങൊരുവഴി കൂട്ടി
പട്ടാങ്ങു ചൊൽവാൻ പഴെവെള്ളൊനാര
പണ്ടെൻ പുരയ്ക്കൽ പോകുന്നനിന്തേൻ
ഏണമുരുകൊന്നൊരീന്തയെ കാണാഞ്ഞു
ഏതുവഴിയെന്നറിയുന്നതില്ലേ
നാൽവഴിയേപ്പോയി വായിപ്പോരെന്നെ
പോമിയെക്കാവലൊഴിഞ്ഞെ ഞാനുള്ളൂ
ചേനക്കണക്കും പയറുമീനം കള്ളും
ശേഷം വെളിച്ചേമ്പും വെച്ചു കഴിച്ചേൻ
ആനന്ദവള്ളോനാർ തന്നോടു ചേരുവാൻ
ആദിപ്പെരുവഴി ചൊല്ലെന്നോടീന്തേൻ
ഐമ്പത്തൊരുനാഴി നെല്ലുണ്ട മാടിൽ
അഞ്ഞാഴിനെല്ലു പുരക്കലുമണ്ടീൽ
മുമ്പിൽ പിടിത്താളു മുന്നാഴി പോരും
വമ്പിച്ച നാഴിനെൽ കയ്യിൽ പിടിച്ചാൽ
വള്ളോനു കൊണ്ടെക്കൊടുക്കാൻ പൊനിന്തേൻ
ഒന്നായ കണ്ടത്തിൽ മൂന്നാക്കി മാടി
മൂന്നിലുമോരോരോ വിത്തും വിതച്ചേൻ
കുന്നും കുഴിയും തടവും നികത്തുവാൻ
കൂറുള്ളവരുണ്ടമ്പത്തൊരിവർ
എന്നാലിരുവരും ഐവരും കൂടി
എട്ടു തൊഴത്തിലെ കന്നും തെളിച്ചു
പട്ടാങ്ങു ചൊൽവാൻ പഴവള്ളോനാര
പണ്ടെൻ പുരയ്ക്കൽത്താൻ പോകുന്നനീന്തേൻ
ഓങ്കാരത്തമ്പത് ഓങ്കാരമാന

ഒരെഴുത്തെട്ടെന്നെഴുത്തെന്നു തോന്നി
ഓങ്കാര വള്ളോത്തി വള്ളോനെക്കാണാഞ്ഞു
ആരാഞ്ഞു തേടിനടക്കുന്നോരെങ്ങും
ഓങ്കാരവള്ളോനാർ തന്നോട്ടു ചേരുവാൻ
അടിപെരുവഴി ചൊല്ലെന്നോതിന്തേൻ
അവ്വാറ്റിന്റക്കരെ താമരപ്പൊയ്കയിൽ
ആറ്റും മറുകരെ ചെല്ലരുതാർക്കും
ആറ്റുവർ വീണു മുഴുന്താരിയാറ്റിൽ
നൂറ്റുവർ കൂട്ടരും വാഴ്ത്താരി ആറ്റിൽ
ഇത്തിരെ ആഴം പെരുതായോരാറ്റിൽ
ഈവണ്ണമിക്കരയേറ്റിക്കൊള്ളാം
അല്ല ചൊല്ലഞ്ചു മറിന്തവയോ നീ
നാൾതോറും നോക്കുകിൽ കാണായിതാർക്കും
പണ്ടത്തിനോടെ മുതൽ കെട്ടിവെപ്പാൻ
കയ്യാണം കെട്ടുവാൻ പിന്നെയുമുണ്ടു
എല്ലാം തടത്തിൽ എളമുളയാണ്ടൽ
ഒന്നു പൊളിച്ചങ്ങു വാരിയും കൊണ്ടു
സ്ഥാണു പിഴയാതെ ളുണിട്ടു കൊണ്ടാൽ
എല്ലാക്കഴുക്കോലു നാല്പത്തിമൂന്നു
എട്ടുള്ള വാരിയും കെട്ടിനിറുത്തി
ഓലയും തൊണ്ണൂറ്റാറു മടൽകൊണ്ടു
മേലേ പുതച്ചു മുകളേറ്റികൊണ്ടാൽ
ഒത്തമുകളിലൊരോല കമുത്തി
മേലെ വെയിൽ മഴ മഞ്ഞും തടുക്കും
ഒമ്പതു കണ്ടവുമുണ്ടെല്ലാവർക്കും
ഒമ്പതിനൊമ്പതു വാതിലുമുണ്ടേ
ഐവലൊരുമണി വിത്തു വിതച്ചേൻ
അന്നങ്ങു ഐവരേ കാവലും വെച്ചേൻ
അപ്പടിക്കണ്ടങ്ങൾ രണ്ടങ്ങെരികേ
പിടിക്കറ്റയുണ്ടാം പതനെൽകതിരും
അരിവാളിനിക്കു പിടിയൂന്നിക്കൊണ്ടു
അരുമിച്ചരുമിച്ചു കൊയ്യുന്ന നേരം
അരുമറത്തമ്പുരാൻ നോക്കിയിരിക്കും
ആളെക്കണ്ടാൽ മടിക്കുടവേപ്പട്ടി
ഏളത്താൻ ഞായം പെരിയോനിപ്പട്ടി

ചേള മുഴുത്തോരു നായുണ്ടവനെ
ചേളയെപുക്കു കലത്തെയെടുത്തു
ദാഹിച്ച തണ്ണിനീർ വായിലും കൊണ്ടു
ദാശിയിൽ വന്നു വളർക്കുന്നോരെന്നെ
ഏകസ്വരൂപികളെല്ലാരും കൂടെ
എന്നെത്തുനിഞ്ഞു വിളിക്കുന്ന നേരം
പെയ്യും മഴയത്തെ വെള്ളവും തേവി
വെയിലും കെട്ടി പെരുംചിറ താങ്ങീ
ആണ്ടോരാകാശത്തിൽ ഒളിവു വരാമീ
ഒമ്പതു വള്ളോനാർ വെള്ളത്തിൽ കൊൾവാൻ
ഒറ്റിയും ചൂട്ടും വലയുമായ്‌വന്ന
ഒറ്റിപ്പാടിപെട്ടുഴലുന്നേരം
ഇപ്പടി നിത്യവും ചൊല്ലിസ്തുതിപ്പോർ-
ക്കീശ്വരപാദത്തെ ചേരാമി സ്വാമി.

[Note: The text used is from the book poṭṭanāṭṭam by Dr. M.V. Vishnu Namboodiri, published by the author, distributed by Current Books, first published August 1996.]

Electronic text prepared by A. Harindranath, January, 2010.

harindranath_a@yahoo.com